# CENTRE OF INDIAN TRADE UNIONS

## BTR Bhavan, New delhi

---

**വേജ് കോഡ് ബിൽ  അടിയന്തിര പ്രതിഷേധം സംഘടിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നു.**

തൊഴിലാളികളെ അടിമകളാക്കുന്ന തൊഴിൽ നിയമപരിഷ്കാരമെന്ന പേരിലുള്ള വേജ് കോഡ് ബിൽ തിരക്കിട്ട് പാസാക്കാനുള്ള ബിജെപി സർക്കാരിന്റെ നീക്കത്തെ സി.ഐ.ടി.യു അപലപിക്കുന്നു. രാജ്യവ്യാപകമായി അടിയന്തിര പ്രതിഷേധം സംഘടിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നു.

നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായ അവകാശ ങ്ങൾ ഉറപ്പുനൽകുന്ന വ്യവസ്ഥകളിൽ വെള്ളം ചേർത്ത് പകരം കൗശലപൂർവ്വം നാലു ലേബർ കോഡുകളാക്കി തൊഴിൽ നിയമം പരിഷ്കരിക്കാനുള്ള ബി.ജെ.പി സർക്കാരിന്റെ തിരക്കിട്ട നീക്കത്തെ സിഐടിയു അപലപിക്കുന്നു. സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ പരിധിയിൽ മാറ്റം വരുത്തിയും സെയിൽസ് പ്രമോഷൻ ജീവനക്കാർ, പത്രപ്രവർത്തകർ തുടങ്ങിയ ചില വിഭാഗങ്ങളിൽപ്പെട്ടവർക്ക് ബാധകമായ തൊഴിൽ നിയമവ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കാ നുമുള്ള നീക്കവും ഇതിനു പിന്നിലുണ്ട്.

ഇന്നലെ സർക്കാർ വേജ് കോഡ് ബിൽ 2019 ഉം ഓക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ് ബിൽ 2019 ഉം  ലോകസഭയിൽ അവതരിപ്പിച്ചു. എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും എതിർപ്പുപ്രകടിപ്പിച്ച, ആശങ്കകളറിയിച്ച  രണ്ടു ബില്ലുകളിലേ യും വിവിധ വ്യവസ്ഥകൾ അതുപോലെ അവയിൽ നിലനിർത്തിയിട്ടുണ്ട്. ഇവയെല്ലാം തൊഴി ലാളികളുടെ താത്പര്യത്തിനുവിരുദ്ധമായ വ്യവസ്ഥകളാണ്.

കോഡ് ഓൺ ഓക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് ബിൽ 2019 നിലവിലുള്ള 13 നിയമങ്ങൾക്കു പകരമായി കൊണ്ടുവന്നിട്ടുള്ളതാണ്. ഫാക്ടറീസ് ആക്ട് 1948, മൈൻസ് ആക്ട് 1952, ഡോക്ക് വർക്കേഴ്സ് ആക്ട് 1986, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് 1996, പ്ലാന്റേഷൻ ലേബർ ആക്ട് 1951, കോൺട്രാക്ട്  ലേബർ ആക്ട് 1970, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് 1979, വർക്കിംഗ് ജേർണലിസ്റ്റ് ആന്റ് അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് ആക്ട് 1955, വർക്കിംഗ് ജേർണലിസ്റ്റ് ആക്ട് 1958, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961, സെയിൽസ് പ്രമോഷൻ എംപ്ലോയീസ് ആക്ട് 1976, ബീഡി ആന്റ് സിഗാർ വർക്കേഴ്സ് ആക്ട് 1966, സിനി,സിനിമാ വർക്കേഴ്സ് ആക്ട് 1981 തുടങ്ങിയവയാണീ നിയമങ്ങൾ, ഈ നിയമങ്ങളിലധികവും ഓരോ മേഖലകളിലെ തൊഴിലാളികളേയും അവരുടെ തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ വ്യത്യസ്ഥതകളും മറ്റും അടിസ്ഥാനപ്പെടുത്തി രൂപം നൽകിയിട്ടുള്ളതാണ്. അവയൊക്കെ ഇല്ലാതാക്കി അവയിൽ തൊഴിലുടമകൾക്ക് സഹായകരമായ വ്യവസ്ഥകൾ എടുത്ത് മറ്റു വ്യവസ്ഥകളിലാകെ വെള്ളം ചേർത്ത് പൊതുവിൽ തൊഴിലാളികൾക്ക് നിലവിലുള്ള സംരക്ഷണം നിഷേധിക്കുകയാണ്. ഇതിലൂടെ ചെയ്തിട്ടുള്ളത്. ഇതിന്റെ പിന്നിലെ ലക്ഷ്യം തൊഴിലാളികളുടെ അവകാശങ്ങൾ വൻതോതിൽ വെട്ടിക്കുറച്ച് അവരെ മുതലാളിമാരുടെ വിനീതവിധേയരാക്കി മാറ്റുക എന്നതു തന്നെയാണ്.

ആരോഗ്യ സുരക്ഷാ പ്രശ്നങ്ങളിൽ സംഘടനകൾക്കും തൊഴിലാളികൾക്കും അവരുടെ അഭിപ്രായം പറയാനോ തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പാക്കാനോ അടിസ്ഥാന ആരോഗ്യ, സുരക്ഷാകാര്യങ്ങളിൽ വ്യവസ്ഥകൾ ലംഘിക്കുന്ന തൊഴിലുടമകളെ വരുതിയിൽ നിർത്താനോ കഴിയാത്ത വ്യവസ്ഥകളാണ് ഇതിലുള്ളത്. രാജ്യമാകെ ദൈനംദിനമെന്നോണം വിവിധ മേഖലകളിലെ തൊഴിലിടങ്ങളിൽ വ്യവസ്ഥാലംഘനവും അപകടങ്ങളും, അപകടം മൂലം ജീവൻ നഷ്ടവും സംഭവിച്ചുകൊണ്ടിരിക്കുമ്പോഴാണ് കൂടുതൽ ഭയാനകരമായ ഇത്തരം നടപടികൾ അരങ്ങേറുന്നത്. പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1963, മിനിമം വേജസ് ആക്ട് 1948, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965, തുല്യവേതന നിയമം 1976 തുടങ്ങിയവയൊക്കെ മാറ്റി പകരം മുതലാളിമാർക്കനുകൂലമായ വ്യവസ്ഥകൾ തെരഞ്ഞെടുത്തും തൊഴിലാളികൾക്കും ജീവനക്കാർക്കും അനുകൂലമായ വ്യവസ്ഥകൾ ഉപേക്ഷിച്ചും ചില വ്യവസ്ഥകളിൽ വെള്ളം ചേർത്തുമാണ് കോഡ് ഓൺ വേജസ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. സെയിൽസ് പ്രൊമോഷൻ, പത്രപ്രവർത്തനം തുടങ്ങിയവരെ ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. അവരെയെല്ലാം വേതനക്കാര്യത്തിൽ ബന്ധപ്പെട്ട തൊഴിലുടമയുടെ കാരുണ്യത്തിനു വിടുകയാണ് ചെയ്തിരിക്കുന്നത്.

കോഡ് ഓൺ വേജസ് ബില്ലിൽ മിനിമം വേതനം സംബന്ധിച്ച്(2700 കലോറി ഊർജ്ജം നിലനിർത്തുന്നതിനായി തുടങ്ങിയ) 15-ാം ഇൻഡ്യൻ ലേബർ കോൺഫറൻസിന്റേയും 1992 ലെ റപ്റ്റക്കോസ് കേസിൽ സുപ്രീം കോടതി വിധിയുടേയും, പിന്നീട് സർക്കാർകൂടി കക്ഷിയായ 44,45,46 ലേബർ കോൺഫറൻസുകൾ ഏകകണ്ഠമായി അംഗീകരിച്ചതുമായ വ്യവസ്ഥകൾ കാറ്റിൽ പറത്തിയിരിക്കുകയാണ്. ഫലത്തിൽ മിനിമം വേതനം തീരുമാനിക്കുന്നത്(ദേശീയ മിനിമം വേതനമടക്കം) സർക്കാരിന്റേയും ഉദ്യോഗസ്ഥവൃന്ദത്തിന്റേയും ഇഷ്ടമനുസരിച്ചാവും. മിനിമം വേതനം ഉപദേശകസമിതി നിലനിർത്തിയിട്ടുണ്ടെങ്കിലും തീരുമാനം സർക്കാരി ന്റേതാകും വിധമാണ് അതിന്റെ രൂപകല്പന. ഇക്കാര്യത്തിൽ കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ എന്താണ് ചെയ്യുകയെന്ന് ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. പ്രതിദിനമിനിമം വേതനം 178 രൂപ (പ്രതിമാസം 4628 രൂപ)യാണെന്ന് 2019 ജൂലൈ 10 ന് ഒരു പത്രസമ്മേളനത്തിൽ തൊഴിൽമന്ത്രി പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ തുക സർക്കാർ നിയമിച്ച വിദഗ്ധ സമിതി നിർദ്ദേശിച്ച തുകയുടെ പകുതിയിലും താഴെയാണ്. സർക്കാർകൂടി കക്ഷിയായ ഇൻഡ്യൻ ലേബർ കോൺഫറൻസ് ഏകകണ്ഠമായി അംഗീകരിച്ച, സംഘടനകൾ ആവശ്യപ്പെട്ട 18000 രൂപയിലും ഏറെ താഴെയാണിതെന്ന് പ്രത്യേകം പറയേണ്ടതില്ല. കോർപ്പറേറ്റ് ശക്തികളെ മറികടന്ന് സ്വന്തം വിദഗ്ധ സമിതിയും തങ്ങൾതന്നെ തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരും നിർദ്ദേശിച്ച കാര്യം പോലും നടപ്പിലാക്കാൻ ധൈര്യമില്ലാത്തവിധം വിധേയപ്പെട്ട ബിജെപി സർക്കാരാണിത്. തൊഴിലാളികളെ എളുപ്പത്തിൽ കൊള്ളയടിക്കാൻ വേണ്ടി(Ease of loot by the employers) തൊഴിലാളികളുടെ ജീവിതാവസ്ഥ മനുഷ്യത്വ ഹീനമാക്കാൻ ഏതറ്റം വരെയും ഈ സർക്കാർ പോകുമെന്ന് വ്യക്തം.

സർക്കാരിന്റെ ഇത്തരം തൊഴിലാളി വിരുദ്ധ നടപടികളെ സി.ഐ.ടി.യു അപലപിക്കുന്നു. എല്ലാവിധ അഫിലിയേഷനുകൾക്കുമുപരിയായി എല്ലാ സംഘടനകളും , തൊഴിലാളികളും ഈ പിന്തിരിപ്പൻ നടപടികൾക്കെതിരെയുള്ള പ്രതിഷേധത്തിലും പ്രതിരോധത്തിലും രാജ്യവ്യാപകമായി പങ്കാളികളാവാൻ ആഹ്വാനം ചെയ്യുന്നു.

**23.07.2019**

**തപൻസെൻ**

**ജനറൽ സെക്രട്ടറി**